കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' സെപ്റ്റംബർ 02 തിങ്കൾ

# പ്രളയബാധിതരായ ഭിന്നശേഷിക്കാർക്ക് 2 കോടിയുടെ പദ്ധതി: മന്ത്രി ശൈലജ ടീച്ചർ

ആലപ്പുഴ: പ്രളയബാധിതരായ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ രണ്ട് കോടി രൂപയുടെ പദ്ധതി സാമൂഹ്യ സുരക്ഷ മിഷൻ വഴി രൂപം നൽകിയതായി സംസ്ഥാന ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ പറഞ്ഞു. പ്രളയബാധിത മേഖലയിലെ ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണ വിതരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം ആലപ്പുഴ ഗവൺമെന്റ് ടി.ഡി മെഡിക്കൽ കോളജ് ഓഡിറ്റോറിയത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ആലപ്പുഴ മെഡിക്കൽ കോളജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം നേതൃത്വം നൽകുന്ന കുട്ടികളുടെ പങ്കാളിത്തത്തോടെ നടക്കുന്ന സാന്ത്വന പരിചരണ കൂട്ടായ്മയായ കാരുണ്യ കമ്മ്യൂണിറ്റി പാലിയേറ്റീവിന്റെ പ്രവർത്തനം മാതൃകാപരമാണെന്നും മറ്റുള്ളവർക്ക് പ്രചോദനമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു. 35 ലക്ഷം രൂപയുടെ അത്യാധുനിക സംവിധാനത്തോടു കൂടിയുള്ള ഉപകരണങ്ങളാണ് വിതരണം ചെയ്തതെന്നും മന്ത്രി പറഞ്ഞു. സാമൂഹിക സുരക്ഷാമിഷൻ ഭിന്നശേഷി സൗഹൃദ കേരളം എന്ന ലക്ഷ്യം മുന്നിൽ കണ്ട് നടപ്പാക്കുന്ന അനുയാത്ര പദ്ധതി പ്രകാരം നൂറുകണക്കിന് പേർക്ക് സഹായം നൽകാൻ കഴിഞ്ഞു. സുമനസുകളായ നിരവധി പേർ സഹായിക്കുന്നു. ഇത്തരം സാമ്പത്തിക സഹായങ്ങളെല്ലാം സുതാര്യമാണെന്നും മന്ത്രി പറഞ്ഞു. യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. എം പുഷ്പലത, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഡോ. എ റംല ബീവി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എം ജുനൈദ്, ജില്ലാ പഞ്ചായത്ത് അംഗം എ.ആർ കണ്ണൻ, മെഡിക്കൽ കോളജ് സൂപ്രണ്ട് ഡോ. ആർ.വി രാംലാൽ, ഡോ. സന്തോഷ് രാഘവൻ, ഡോ. സൈറു ഫിലിപ്പ് തുങ്ങിയവർ പങ്കെടുത്തു. സാമൂഹിക സുരക്ഷാ മിഷൻ ആൻറ് എൻഐ പിഎംആർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ബി. മുഹമ്മദ് അഷീൽ റിപ്പോർട്ട് അവതരിപ്പിച്ചു.

(ചിത്രം)

# സ്റ്റുഡന്റ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി യോഗം നാളെ

ആലപ്പുഴ: കുട്ടികളോടുള്ള ബസ് ജീവനക്കാരുടെ മോശമായ പെരുമാറ്റം സംബന്ധിച്ച് തീരുമാനെടുക്കുന്നതിലേക്കായി ജില്ല സ്റ്റുഡൻസ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി യോഗം സെപ്റ്റംബർ നാലിന് വൈകിട്ട് നാല് മണിക്ക് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ കൂടുമെന്ന് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

# മരങ്ങൾ ലേലം ചെയ്യുന്നു

ആലപ്പുഴ: ഗവ.റ്റി.ഡി മെഡിക്കൽ കോളജ് കാമ്പസിൽ നിൽക്കുന്നതും മുറിച്ചുനീക്കിയിട്ടുള്ളതുമായി മരങ്ങൾ ലേലം ചെയ്യുന്നു. ക്വട്ടേഷൻ സെപ്റ്റംബർ അഞ്ചിന് വൈകിട്ട് നാലു വരെ സ്വീകരിക്കും. സെപ്റ്റംബർ ആറിന് രാവിലെ 11.30 ന് ലേലം നടത്തും. വിശദവിവരത്തിന് ഫോൺ: 0477 2282015.

# പാലങ്ങളുടെ ഉദ്ഘാടനം മാറ്റിവെച്ചു

ആലപ്പുഴ: കേരള മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടകനായി നിശ്ചയിച്ചിരുന്ന ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിൽ 100 കോടി രൂപ ചിലവഴിച്ച് നിർമ്മിക്കുന്ന പെരുമ്പളം പാലത്തിൻറെ ശിലസ്ഥാപന കർമ്മവും അമ്പലപ്പുഴ മണ്ഡലത്തിൽ 33.5 കോടിരൂപ ചിലവഴിച്ച് നിർമ്മിച്ച കഞ്ഞിപ്പാടം - വൈശ്യംഭാഗം പാലത്തിൻറെ ഉദ്ഘാടനവും മറ്റൊരു തീയതിയിലേക്ക് മാറ്റിയതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.

കേരള ഗവർണർ ജസ്റ്റിസ് പി.സദാശിവത്തിൻറെ യാത്രയയപ്പും പുതിയ കേരള ഗവർണർ ആരിഫ് മുഹമദ് ഖാൻ ഗവർണറായി ചുമതലയേറ്റെടുക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും പങ്കെടുക്കേണ്ടതിനാൽ മുൻ നിശ്ചയിച്ച പരിപാടികൾ മാറ്റിവെക്കുന്നതിന്റെ ഭാഗമായാണിതെന്ന് മന്ത്രി അറിയിച്ചു.

# തോട്ടപ്പള്ളി ഹാർബറിന്റെ രണ്ടാംഘട്ട വികസനം; വേഗത്തിലാക്കാൻ നിർദ്ദേശം

ആലപ്പുഴ: തോട്ടപ്പള്ളി ഹാർബറിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾക്ക് കരാറായിട്ടുണ്ടെന്നും എത്രയും വേഗം പ്രവർത്തികളാരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജില്ലാ വകിസന സമിതി യോഗത്തിൽ തുറമുഖ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയർ റിപ്പോർട്ട് ചെയ്തു. ജില്ല കളക്ടർ ഡോ. അദീല അബ്ദുള്ളയുടെ അധ്യക്ഷതയിലായിരുന്നു യോഗം. ചെട്ടികാട്- പാതിരപ്പള്ളി റോഡ് നിർമ്മാണത്തിന് കരാർ വച്ചിട്ടുണ്ടെന്നും മഴ മാറുന്ന മുറയ്ക്ക് പ്രവർത്തികൾ ആരംഭിക്കുമെന്നും പൊതുമരാമത്ത് നിരത്ത് വിഭാഗം അറിയിച്ചു. ചേർത്തല താലൂക്ക് ആശുപത്രിയിൽ എം.പി.ഫണ്ടിൽ അനുവദിച്ച പ്രവർത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. മന്ത്രിമാരായ പി. തിലോത്തമന്റെയും കെ.കെ. ഷൈലജയുടെയും അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം കെ.എച്ച്.ആർ. ഡബ്ല്യൂന്റെ പേ വാർഡ് പൊളിച്ചു മാറ്റാൻ നിർദ്ദേശം നൽകിയിരുന്നെങ്കിലും കെട്ടിടത്തിന് നിലവിൽ തകരാറില്ലാത്തതാണെന്ന് മുൻസിപ്പൽ എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ എത്രയും വേഗം എം.പി.യെ അറിയിക്കണമെന്ന് യോഗം ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ദേശീയപാതയിൽ അപകടം കുറയ്ക്കുന്നതിനായി ബ്ലാക്ക്സ്പോട്ട് എന്ന പേരിൽ ആരംഭിച്ച പദ്ധതിയിൽ വൈദ്യുത പോസ്റ്റുകൾ മാറ്റുന്നതിന് കെ.എസ്.ഇ.ബിയും ദേശീയപാത വിഭാഗവും നടത്തുന്ന മെല്ലെപ്പോക്ക് അവസാനിപ്പിക്കണമെന്ന് ജില്ല കളക്ടർ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകി. നിലവിൽ ദേശീയപാത അധികൃതർ ഒടുക്കിയ തുക കൂടാതെ രണ്ടു ലക്ഷം രൂപ അധികമായി വേണമെന്നാണ് കെ.എസ്.ഇ.ബി ആവശ്യപ്പെടുന്നത്. പ്രശ്നം പരിഹരിക്കുന്നതിന് പ്രത്യേക യോഗം ചേരുമെന്ന് ജില്ല കളക്ടർ പറഞ്ഞു.

ഹരിപ്പാട് മെഡിക്കൽ കോളജിനായി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന്റെ ഉടമകൾക്ക് നൽകിയ നഷ്ടപരിഹാരത്തുക സംബന്ധിച്ച കണക്ക് യോഗത്തിൽ തഹസിൽദാർ അവതരിപ്പിച്ചു. ആകെ 15 കോടി രൂപ ലഭിച്ചെന്നും 11.08 കോടി രൂപ ചെലവഴിച്ചെന്നും ബാക്കി 3.91 കോടി രൂപ വർക് ഡെപ്പോസിറ്റിൽ നിക്ഷേപിച്ചതായും അറിയിച്ചു. അമ്പലപ്പുഴ, ഹരിപ്പാട് ഭാഗത്തെ കടൽഭിത്തി നിർമ്മാണത്തിന്റെ പണം അനുവദിച്ചെങ്കിലും ടെൻഡർ ഏറ്റെടുക്കാൻ ആരും തയ്യാറാകാത്തതിനാൽ തുടർനടപടികൾ ആവശ്യപ്പെട്ടും നിലവിലെ തടസ്സങ്ങൾ വിശദമാക്കിയും ജലസേചന വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകാൻ യോഗം നിർദ്ദേശിച്ചു. കെ.പി. റോഡിലെ രണ്ടാംകുറ്റി ജങ്ഷനിലെ ബസ് സ്റ്റോപ്പുകൾ മാറ്റുന്നതിന്റെ ഭാഗമായി കുറ്റിത്തെരുവ് ജങ്ഷനിൽ നിന്നും 60 മീറ്റർ ദൂരത്തായി രണ്ടു വശങ്ങളിലും ബസ് സ്റ്റോപ്പുകൾ മാറ്റി ക്രമീകരിച്ചിട്ടുണ്ടെന്നും രാവിലെയും വൈകുന്നേരവും പരിശോധന നടത്തുന്നതായു ആർ.ടി.ഒ അറിയിച്ചു. പെട്രോൾ പമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതു സംബന്ധിച്ച് കഴിഞ്ഞ യോഗത്തിലെ തീരുമാന പ്രകാരം ജില്ല സപ്ലൈ ഓഫീസർ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലയിലെ ആകെ 119 പെട്രോൾ പമ്പുകളിൽ 79 എണ്ണത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്നും ശേഷിക്കുന്ന 40 പമ്പുടമകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. കപ്പക്കടയിലെ പമ്പിന്റെ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്ന പ്രദേശം നന്നാക്കാൻ നിർദ്ദേശം നൽകി. പി.എം.എ.വൈ പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ നഗരസഭയിൽ അനുവദിച്ച വീടുകൾക്ക് നമ്പർ ലഭിക്കാൻ 21 അപേക്ഷകൾ ലഭിച്ചപ്പോൾ ഏഴ് എണ്ണം അനുവദിച്ചെന്നും ബാക്കിയുള്ളവയ്ക്ക് ഉടൻ നൽകുമെന്നും നഗരസഭ അധികൃതർ അറിയിച്ചു.

പ്രളയകാലത്ത് ദുരിതാശ്വാസ കേന്ദ്രങ്ങളായി പ്രവർത്തിച്ചിരുന്ന 58 വിദ്യാലയങ്ങളിലെ ശുചിമുറികളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കാനുണ്ടെന്ന് വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു. ഫണ്ട് ലഭ്യമല്ലാത്തതനാലാണ് അറ്റകുറ്റപ്പണി നടക്കാത്തത്. നേരത്തെ ഇതുസംബന്ധിച്ച റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കി ദുരന്ത നിവാരണ അതോറിട്ടി ആലപ്പുഴ ഡെപ്യൂട്ടി കളക്ടർക്ക് കൈമാറിയിരുന്നു.

ഹരിപ്പാട് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഏറ്റെടുത്ത സ്ഥലത്തേക്കുള്ള കയ്യേറ്റം സംബന്ധിച്ച് സർവ്വേ നടത്തി റിപ്പോർട്ട് നൽകാൻ ജില്ല സർവ്വേയറെ ചുമതലപ്പെടുത്തി. മണ്ണഞ്ചേരി പഞ്ചായത്ത് പട്ടികജാതി കോളനിയുടെ വികസന പദ്ധതിയിൽ 14 വീടുകളുടെയും 200 മീറ്റർ റോഡിന്റെയും പണി പൂർത്തിയായെന്നും 14 വീടുകളുടെയും 100 മീറ്റർ റോഡിന്റെയും പണി പുരോഗമിക്കുന്നതായും നിർമ്മിതി കേന്ദ്രം പ്രോജക്ട് എൻജിനീയർ അറിയിച്ചു. പണി പൂർത്തിയായ ശേഷം വഴി വിളക്കും സ്ഥാപിക്കും. മന്ത്രിയുടെ പ്രതിനിധി കെ.ഡി. മഹീന്ദ്രൻ, പ്രതിപക്ഷ നേതാവിന്റെ പ്രതിനിധി ജോൺ തോമസ്, പ്ലാനിങ് ഓഫീസർ കെ.എസ്.ലതി, വിവിധ വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്തു.

# കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ നിയമിക്കുന്നു

ആലപ്പുഴ: തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20ലെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ നിയമിക്കുന്നു. കരാർ അടിസ്ഥാനത്തിലാണ് നിയമനം. അപേക്ഷക എം.എസ്.ഡബ്ല്യു യോഗ്യതയുള്ള കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ള ആളായിരിക്കണം. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള താമസക്കാരിയായിരിക്കണം. പ്രായപരിധി 25-35 വയസ്. ഒരു വർഷത്തെ പ്രവൃത്തിപരിചയം അഭികാമ്യം. അപേക്ഷകർ ബന്ധപ്പെട്ട രേഖകളുമായി നാളെ (സെപ്റ്റംബർ നാലിന്) രാവിലെ 11ന് തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ നടക്കുന്ന കൂടിക്കാഴ്ചയിൽ പങ്കെടുക്കണമെന്ന് ശിശുവികസന പദ്ധതി ഓഫീസർ അറിയിച്ചു.

# റോഡ് സുരക്ഷാ വിഭാഗം മുണ്ടൻകാവ് സന്ദർശിച്ചു

ആലപ്പുഴ: അപകടം പതിവായ എം.സി.റോഡിൽ ചെങ്ങന്നുരിലെ മുണ്ടൻകാവ് ഭാഗം പൊതുമരാമത്ത് വിഭാഗം സുരക്ഷാ ഉദ്യോഗസ്ഥർ സന്ദർശിച്ചു. ആദ്യ ഘട്ടത്തിൽ ഇറപ്പുഴ പാലത്തിൽ നിന്നു ചെങ്ങന്നൂരിലേയ്ക്ക് വരുന്ന ഭാഗത്ത് ഡിവൈഡറിനു മുന്നിലായി ഷവറോൺ മാർക്കിംഗ് അടിയന്തിരമായി ചെയ്യുവാൻ തീരുമാനിച്ചു. തുടർന്നും അപകടങ്ങൾ ഉണ്ടാകുന്നെങ്കിൽ ഡിവൈഡർ മാറ്റുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുമെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. പൊതുമരാമത്ത് സുരക്ഷാ വിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ബി. ബിജുകുമാർ, കെ.എസ്..റ്റി.പി. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്. പാർവ്വതി, സൂപ്രണ്ടിംഗ് എഞ്ചിനീയർ എം.അൻസാർ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധനയ്ക്ക് എത്തിയത്. നന്ദാവനം ജംഗ്ഷനിലെ ഡിവൈഡർ,, സമീപത്തെ കലുങ്ക് എന്നിവയും സംഘം പരിശോധിച്ചു. നന്ദാവനം ജംഗ്ഷനിലെ ഡിവൈഡർ പൊളിച്ചുമാറ്റുന്നതിനും സമീപത്തെ കലുങ്ക് അറ്റകുറ്റപ്പണി ചെയ്യുന്നതിനും വേണ്ട നടപടി സ്വീകരിക്കുമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. കെ.എസ്.റ്റി.പി.യുടെ രണ്ടാം ഘട്ട നവീകരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ഫുട്പാത്ത്, മാർക്കിംഗ്, സൗന്ദര്യവത്കരണം എന്നിവയും നടത്തുമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. ഉദ്യോഗസ്ഥർക്കൊപ്പം എംഎൽ.എ. സജി ചെറിയാൻ, നഗരസഭാദ്ധ്യക്ഷൻ കെ. ഷിബു രാജൻ, ഡി.വൈ.എസ്. പി. അനീഷ് വി. കോര, ട്രാഫിക് എസ്.ഐ.എം. കെ.സുരേഷ് ബാബു എന്നിവരും സ്ഥലപരിശോധനയ്ക്ക് എത്തിയിരുന്നു.

## ആരോഗ്യ മേഖലയിൽ 5200 തസ്തികകൾ സൃഷ്ടിച്ചു -ഷൈലജ ടീച്ചർ

തുറവൂർ :ആരോഗ്യ മേഖലയിൽ മൂന്നു വർഷങ്ങൾക്കുള്ളിൽ 5200 തസ്തികകൾ സൃഷ്ടിച്ചുവെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി കെ.കെ.ഷൈലജ ടീച്ചർ. തുറവൂർ താലൂക്ക് ആശുപത്രിയിലെ ട്രോമാ കെയർ സെന്ററിന്റെയും ബഹു നില ആശുപത്രി മന്ദിരത്തിന്റെയും ശിലാസ്ഥാപനവും നവീകരിച്ച ദന്തൽ യൂണിറ്റിന്റെ ഉദ്ഘാടനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

പുതുതായി തസ്തികകൾ സൃഷ്ടിക്കുമ്പോൾ കോടി കണക്കിന് രൂപയാണ് ധനകാര്യ വകുപ്പ് ചെലവഴിക്കേണ്ടി വരുന്നത്. പ്രളയ ദുരിതാശ്വാസത്തിനിടയിൽ ആവശ്യത്തിന് പരിഗണന ആരോഗ്യ വകുപ്പിന് സർക്കാർ നല്കുന്നുമുണ്ടെന്ന് മന്ത്രി കൂട്ടി ചേർത്തു.

തുറവൂർ ആശുപത്രിയെ ഒരു താലൂക്ക് ആശുപത്രിയാക്കി മാറ്റാനുള്ള ശ്രമമാണ് നടന്നു വരുന്നത്. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1.2ഏക്കർ ഭൂമിയിലാണ് ആറു നിലകളിലായി പുതിയ ഐ പി ബ്ലോക്കും ട്രോമാ കെയർ സെന്ററും വിഭാവനം ചെയ്തിട്ടുള്ളത്. താഴത്തെ നിലയിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ട്രോമാ കെയർ സെന്ററും എക്സ് റേ, സി ടി സ്കാൻ എന്നിവയും ഒന്നാം നിലയിൽ ഓപ്പറേഷൻ തിയേറ്റർ ഐ സി യു എന്നിവയും രണ്ട് മൂന്ന് നാലു അഞ്ചു നിലകളിലായി 150 രോഗികൾക്ക് കിടക്കാൻ സാധിക്കുംവിധത്തിലുള്ള വാർഡുകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടു നില കൂടി അധികമായി ചെയ്യാൻ സാധിക്കുന്ന രീതിയിലാണ് കെട്ടിടം രൂപകൽപ്പന ചെയ്തിട്ടുള്ളത്.

കേരളത്തിലെ ഒരു നല്ല ശതമാനം ആളുകൾ അപകടങ്ങളിലൂടെയാണ് മരിക്കുന്നത്. ഇത് മുൻപിൽ കണ്ടാണ് ട്രോമാ കെയർ യൂണിറ്റ് തുടങ്ങാൻ സർക്കാർ തീരുമാനിച്ചത്. ആദ്യ ഘട്ടത്തിൽ കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലെ മെഡിക്കൽ കോളേജുകളിലെ ട്രോമാ കെയർ യൂണിറ്റിന്റെ പണികൾ ഏകദേശം പൂർത്തിയായി കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ ആലപ്പുഴ ഉൾപ്പെടെ ഉള്ള മെഡിക്കൽ കോളേജുകളിൽ ആരംഭിക്കും. കൂടാതെ ആദ്യ ഘട്ടത്തിൽ ഹൈ വേ സൈഡ് ഉള്ള 35 ആശുപത്രികളിലും ട്രോമാ കെയർ പദ്ധതി ആരംഭിക്കുന്നുണ്ട്. തുറവൂർ ആശുപത്രിയും ഈ പട്ടികയിൽ ഉൾപ്പെടുന്നുണ്ട്. ക്രോമ കെയർ യൂണിറ്റിന്റെ ഭാഗമായി പദ്ധതിയിലൂടെ കേരളത്തിൽ പുതുതായി 315 ആംബുലൻസുകൾ പ്രവർത്തനം ആരംഭിക്കും. ഓരോ 30 കിലോമീറ്റർ ഇടവിട്ട് ആംബുലൻസിന്റെ സേവനം ലഭ്യമാക്കുമെന്നും മന്ത്രി കൂട്ടി ചേർത്തു.

ആലപ്പുഴ എം പി അഡ്വ. എ എം ആരിഫ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ചീഫ് എൻജിനീയർ രാജീവ് കരിയിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ആലപ്പുഴ ഡി എം ഓ ഡോ എൽ അനിതകുമാരി, എൻ എച് എം ജില്ല പ്രോഗ്രം മാനേജർ ഡോ കെ ആർ രാധാകൃഷ്ണൻ, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി റ്റി വിനോദ്, കുത്തിയതോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പ്രേമരാജപ്പൻ, തുറവൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അനിത സോമൻ, അരൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബി രത്നമ്മ, പട്ടണക്കാട് ഗ്രാമപഞ്ചായത് പ്രസിഡന്റ് കെആർ പ്രമോദ്, വയലാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എസ് വി ബാബു, മെഡിക്കൽ ഓഫീസർ ഇൻചാർജ് ഡോ ആർ  റുബി എന്നിവർ പ്രസംഗിച്ചു.

(ചിത്രം)

# തുറവൂരിൽ വരുന്നത് അത്യാധുനിക ട്രോമാ കെയർ സെന്റർ

ആലപ്പുഴ: സംസ്ഥാന സർക്കാർ കിഫ്ബി പദ്ധതി വഴി നിർമ്മിക്കുന്ന തുറവൂർ താലൂക്ക് ആശുപത്രിയുടെ ആധുനിക ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. പട്ടണക്കാട് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1.2 ഏക്കർ സ്ഥലത്ത് ആറു നിലകളായി 5960 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന അത്യാധുനിക കെട്ടിടത്തിന്റെ തറക്കല്ലിടീൽ കർമ്മം ആരോഗ്യ മന്ത്രി കെ.കെ. ശൈലജ ടീച്ചർ നിർവ്വഹിച്ചു. കെട്ടിട

നിർമ്മാണവുമായി ബന്ധപ്പെട്ട് 51.40 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. സംസ്ഥാന ഭവന നിർമ്മാണ ബോർഡിനാണ് നിർമ്മാണ ചുമതല.

ആധുനിക സൗകര്യങ്ങളോടെയുള്ള ട്രോമാ കെയർ യൂണിറ്റ്, എക്സ് റേ, സി.റ്റി. സ്കാൻ, ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്, ഐസിയു, 150 രോഗികൾക്കുള്ള വാർഡ് എന്നിവയും കെട്ടിടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രതിദിനം 1250ഓളം രോഗികളാണ് ഇവിടെ ചികിത്സ തേടിയെത്തുന്നത്. കെട്ടിട നിർമ്മാണം, വാട്ടർ സപ്ലൈ & സാനിറ്ററി ഫിറ്റിങ്സ്, വൈദ്യുതീകരണം, എയർ കണ്ടീഷനിംഗ്, ഫയർ ഫൈറ്റിംഗ് സംവിധാനം, മെഡിക്കൽ ഉപകരണങ്ങൾ, ആശുപത്രി ഫർണിച്ചർ, ഓപ്പറേഷൻ തിയേറ്റർ, ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം, സ്റ്റെയർ സർവ്വീസ്, മൂന്ന് ലിഫ്റ്റുകൾ, കർട്ടൻ, റാംപ്, ജനറേറ്റർ മുറി, മഴവെള്ള സംഭരണി, റോഡ്, ബയോ ഗ്യാസ് പ്ലാന്റ്, സീവേജ് പ്ലാന്റ്, ചുറ്റുമതിൽ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കും. ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 34.83 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. 16 മാസം കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. 1956ൽ ഡിസ്പെൻസറിയായി തുടങ്ങിയ ഈ ആശുപത്രി 1990ൽ കമ്മ്യൂണിറ്റി സെന്ററായും 2010ൽ താലൂക്ക് ആശുപത്രിയായും ഉയർത്തി.

## ജില്ലയിൽ 40 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾകൂടി കുടുംബാരോഗ്യകേന്ദ്രങ്ങളാക്കും -മന്ത്രി കെ.കെ.ഷൈലജ ടീച്ചർ

ആലപ്പുഴ:ആലപ്പുഴയിലെ 40 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കൂടി ആധുനിക സൗകര്യങ്ങളുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുമെന്ന് ആരോഗ്യ-കുടുംബക്ഷേമ വകുപ്പുമന്ത്രി കെ.കെ.ഷൈലജ ടീച്ചർ പറഞ്ഞു. കളക്ട്രേറ്റിൽ ചേർന്ന ആർദ്രം പദ്ധതിയുടെ ജില്ലാ തല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ആദ്യ ഘട്ടത്തിൽ ജില്ലിയിൽ 14 എണ്ണം കുടുംബാരോഗ്യ കേന്ദ്രമാക്കിക്കഴിഞ്ഞു. രണ്ടാം ഘട്ടത്തിലാണ് ഇപ്പോൾ 40 എണ്ണംകൂടി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നത്. ഇതിൽ 19 എണ്ണം രണ്ട് മാസത്തിനകം സൗകര്യങ്ങൾ ഏർപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാകുമെന്നും മന്ത്രി പറഞ്ഞു. ആദ്യ ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് അഞ്ച്പോസ്ററുകൾ സൃഷ്ടിക്കേണ്ടിവന്നു. രണ്ട് ഡോക്ടർമാരെ സർക്കാരും ഒരാളെ തദ്ദേശ സ്വയംഭരണ സ്ഥാപനം നിയോഗിക്കുന്നതുമായിരുന്നു. ഉച്ചയ്ക്ക് ശേഷവും ഒ.പി., പ്രത്യേക ചെക്ക് അപ്പ് ഏരിയ, പൂന്തോട്ടം, കുടിവെള്ളം, പരിശോധന സൗകര്യങ്ങൾ, മുലയൂട്ടാനുള്ള സ്ഥലം, കൂടുതൽ ഡോക്ടർമാരുടെ സേവനം എന്നിവയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്നതിലൂടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഉണ്ടാവുക.

**(ചിത്രമുണ്ട്)**